(ബി) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ കായൽ കയ്യേറ്റത്തെ സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കയ്യേറ്റം കണ്ടെത്തിയ പ്രദേശങ്ങളിൽ അഡീഷണൽ തഹസീൽദാർ, താലൂക്ക് സർവേയർ, വില്ലേജ് ഓഫീസർ എന്നിവർ മുഖാന്തരം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോട്ടയം, എറണാകുളം ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കായൽകയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർ, താലൂക്ക് സർവേയർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കായൽകയ്യേറ്റം തടയുന്നതിന് ബന്ധപ്പെട്ട നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ആയത് ഒഴിപ്പിക്കുന്നതിന് എല്ലാ സഹായവും നൽകുന്നതുമാണ്.

പുതുക്കിയ റേഷൻ കാർഡുകൾ നൽകുന്നതിന് പദ്ധതി

7 (*547) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻകാർഡുകൾ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള റേഷൻ ഉപഭോക്താക്കളെ 'മുൻഗണനാവിഭാഗം' 'പൊതുവിഭാഗം' എന്ന് തരംതിരിക്കേണ്ടതുണ്ട്. റേഷൻകാർഡ് പുതുക്കുന്ന നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുവാൻ കഴിയുന്നതാണ്.

(സി) പദ്ധതി നടത്തിപ്പിനായി കാർഡുടമകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ വിതരണം ചെയ്തു. താലൂക്ക് തലത്തിൽ കാർഡുടമകളുടെ ഫോട്ടോ എടുക്കുകയും ചെയ്തു. പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾവഴി ശേഖരിച്ച വിവരങ്ങൾ സർവറിലേക്ക് എൻട്രി ചെയ്യുകയും ടി വിവരങ്ങളുടെ വെരിഫിക്കേഷനും ഇപ്പോൾ നടക്കുകയാണ്. ആയത് പൂർത്തീകരിച്ചതിനുശേഷം മുൻഗണനാ വിഭാഗത്തിന്റെ കരട് പട്ടിക പ്രസിദ്ധപ്പെടുത്തി സോഷ്യൽ ആഡിറ്റിംഗ് നടത്തിയതിനുശേഷം മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തി റേഷൻകാർഡ് വിതരണം നടത്തുന്നതാണ്.

ആർ.എം.എസ്.എ. പദ്ധതി - കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

8 (*548) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരമുള്ള സ്കൂളുകളിൽ അദ്ധ്യാപക നിയമനരീതി എങ്ങനെയാണ് ; പ്രസ്തുത അദ്ധ്യാപകർക്ക് വേതനം നൽകുന്നത് ഏത് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരമുള്ള മിക്ക സ്കൂളുകളിലും ആവശ്യത്തിന് കെട്ടിടവും പഠിപ്പിക്കാൻ അദ്ധ്യാപകരുമില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാരണത്താൽ പ്രസ്തുത സ്കൂളുകളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉള്ളതായി അറിയാമോ ;

(ഡി) ആർ.എം,എസ്.എ. പദ്ധതിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly